ചെലവ് നിയന്ത്രണം

6 (1829) ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണച്ചെലവുകൾ നിയന്ത്രിച്ചുകൊണ്ടിറക്കിയ ഉത്തരവിന്റെ അടിസ്ഥാ നത്തിൽ ഈ വർഷം എന്തു തുകയുടെ ചെലവ് നിയന്ത്രിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

തിട്ടപ്പെടുത്തിയിട്ടില്ല.

കേന്ദ്ര നികുതിയിൽ സംസ്ഥാനത്തിന്റെ വിഹിതം

7 (1830) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതിയുടെ സകല ചെലവുകളും നീക്കിയുള്ള വരുമാ നത്തിന്റെ 29% സംസ്ഥാനത്തിന് നൽകുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം നട പ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം സംസ്ഥാനത്തിന്റെ നികുതി വരുമാ നത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാം ശങ്ങൾ അറിയിക്കുമോ;

(സി) പുതിയ കേന്ദ്ര നിർദ്ദേശത്തെ സംബന്ധിച്ച സംസ്ഥാനത്തിന്റെ വാദഗതികൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശ ങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) പത്രവാർത്തകളിലൂടെ ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനെ സംബന്ധിച്ച് കേന്ദ്രം നൽകിയ വിവരമനുസരിച്ച് സംസ്ഥാനത്തിന് സാമ്പത്തികനഷ്ടം വരാത്ത രീതിയിൽ നികുതി വിഭജന ശതമാനം ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയുന്നു.

(സി) പത്താം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത 'ആൾട്ടർനേ റ്റീവ് ഡെവല്യൂഷൻ സ്കീമിൽ' മാറ്റം വരുത്തി തനി നികുതി വരുമാനത്തിന്റെ 29% പങ്കുവയ്ക്കുവാനുള്ള കേന്ദ്ര തീരുമാനത്തെക്കുറിച്ച് പത്ര വാർത്തകളിൽ നിന്നറിഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ ആശങ്കകളും പ്രതിഷേധവും കേന്ദ്രത്തെ അറിയിച്ചിരുന്നു. അതിന് കേന്ദ്രത്തിൽനിന്നും ലഭിച്ച മറുപടിയനു സരിച്ച് മൊത്തം നികുതി വരവിന് പകരം തനി നികുതി വരവ് പങ്കുവയ്ക്കാ

LIBRARY ARCHIVES Kerala Legislative Assembly

നായി പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ മാറ്റം വരുത്തി കേന്ദ്രമെടുത്ത തീരുമാനംമൂലം സംസ്ഥാനങ്ങൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി പങ്കുവയ്ക്കലിന്റെ രീതി 29 ശതമാനത്തിൽ നിന്നുയർത്താൻ തീരുമാനമെടുത്തിട്ടുണ്ടെന്നറിയുന്നു. പ്രസ്തുത തീരുമാനം സംസ്ഥാനങ്ങൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഉദ്ദേശ്യത്തോടെയല്ലെന്നും മറിച്ച് ഭരണഘടനയിലെ 270, 279, 280 അനുച്ഛേദങ്ങൾ തമ്മിലുള്ള അംഗത്വം നിലനിർത്തുന്നതിനുവേണ്ടിയാണെന്നും കേന്ദ്രം അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ യഥാർത്ഥ വരുമാനം

8 (1831) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പ്രതീക്ഷിച്ചിരുന്ന നികുതിപിരിവ്, നികുതിയിതര വരവ്, കേന്ദ്ര ഗ്രാന്റുകൾ, പി.ഡി. അക്കൗണ്ടിലെ വരവ് എന്നിവ എത്ര വീതമായിരുന്നു;

(ബി) ഈയിനങ്ങളിൽ ഓരോ വർഷവും കിട്ടിയ യഥാർത്ഥ വരുമാനം എത്രയായിരുന്നു;

(സി) ഈയിനങ്ങളിൽ പ്രതീക്ഷിച്ചിരുന്ന വരുമാനത്തിൽ ഓരോ വർഷവും എന്തു തുക വീതം കുറഞ്ഞിട്ടുണ്ട്;

(ഡി) ഈ കുറഞ്ഞ തുക എപ്രകാരമാണ് കണ്ടെത്തിയതെന്ന് പറയുമോ?

ഉത്തരം

(എ) കോടിയിൽ

		1996-97	1997-98	1998-99	1999-2000
1.	സംസ്ഥാന നികുതി	3948.85	4821.28	4948.02	കണക്കുകൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ലഭ്യമല്ല
2.	നികുതിയിതര വരുമാനം	551.77	583.15	624.81	,,
3.	കേന്ദ്ര ഗ്രാന്റുകൾ	746.93	824.21	762.59	,,
4.	പി.ഡി. അക്കൗണ്ട്	തനി വരവ് ഇല്ല	തനി വരവ് ഇല്ല	തനി വരവ് ഇല്ല	തനി വരവ് ഇല്ല

(ബി)

		1996-97	1997-98	1998-99	1999-2000
1.	സംസ്ഥാന നികുതി	3898.50	4501.05	4649.56	കണക്കുകൾ പൂർത്തിയായിട്ടില്ല
2.	നികുതിയിതര വരുമാനം	513.80	552.11	557.66	,,

LIBRARY ARCHIVES Kerala Legislative Assembly